# കേരള സർക്കാർ

## സംഗ്രഹം

**തദ്ദേശ സ്വയം ഭരണ വകുപ്പ് - *സാംഖ്യ* സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് മുനിസിപ്പാലിറ്റികളിൽ അക്കൗണ്ടന്റ്മാരുടെ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയം ഭരണ (എഎ)വകുപ്പ്**

**സ.ഉ. (എം.എസ്) നം.182/2012/തസ്വഭവ          തീയതി, തിരുവനന്തപുരം 30.06.2012**

---

**പരാമർശം :- 04.02.2010 ലെ സ.ഉ(എം.എസ്) നം 23/2010/തസ്വഭവ**

**<u>ഉത്തരവ്</u>**

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റികളിലെ അക്കൗണ്ടിംഗ് സമ്പ്രദായം ക്യാഷ് അടിസ്ഥാനത്തിലുള്ള സിംഗിൾ എൻട്രി സംവിധാനത്തിൽ നിന്നും അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സംവിധാനത്തിലേയ്ക്ക് മാറ്റിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. പൂർണ്ണമായും കമ്പ്യൂട്ടർ അധിഷ്ഠിതമായ ഈ സംവിധാനത്തിൽ മുനിസിപ്പാലിറ്റിയുടെ മുഴുവൻ അക്കൗണ്ടിംഗ് പ്രവർത്തനങ്ങളും സുഗമമായി നടപ്പിലാക്കാൻ കഴിയുന്നതാണ്. പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം പഴയ രീതിയിൽ നിന്നും അടിസ്ഥാനപരമായി വളരെ വ്യത്യാസമുള്ളതും *സാംഖ്യ* എന്ന സോഫ്റ്റ് വെയർ ആപ്ളിക്കേഷൻ ഉപയോഗിച്ച് നടപ്പിലാക്കേണ്ടതുമാകയാൽ മുനിസിപ്പാലിറ്റികളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സമഗ്രമായ പരിശീലനം ഇതിൽ നല്കുകയും കൂടാതെ ടി ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി ഇൻഡ്യാ ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി സി - ബൾബ് (കപ്പാസിറ്റി ബിൽഡിംഗ് ഇൻ അർബൻ ലോക്കൽ ബോഡീസ്) എന്ന പ്രോജക്റ്റിന്റെ കീഴിൽ ഓരോ മുനിസിപ്പാലിറ്റിയിലും കരാറടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ധരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. *സാംഖ്യ* സോഫ്റ്റ് വെയർ ഉപയോഗിച്ച് മുൻ വർഷങ്ങളിലെ കണക്ക് വിവരങ്ങൾ സമാഹരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുന്നതിനും പുതിയ അക്കൗണ്ടിംഗ് സമ്പ്രദായത്തിലേയ്ക്കുള്ള മാറ്റം സുഗമമാക്കുന്നതിനും പ്രസ്തുത സാങ്കേതിക വിദഗ്ധരുടെ സേവനം വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ സാങ്കേതിക വിദഗ്ധരുടെ സേവനം താൽക്കാലികമായതിനാൽ നിലവിൽ അക്കൗണ്ടിംഗ് ജോലികളിലുള്ള പ്രസ്തുത സാങ്കേതിക വിദഗ്ധരുടെ സേവനം തുടർന്ന് ലഭിക്കാതെ വരികയും ചെയ്യും. നിലവിൽ മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥർക്ക് അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് പരിശീലനം നല്കിയിട്ടുണ്ടെങ്കിലും ഈ ഉദ്യോഗസ്ഥരെ മറ്റിതര ജോലികൾക്കായി അതേ മുനിസിപ്പാലിറ്റിയിലെ മറ്റ് വിഭാഗങ്ങളിലേക്കോ, മറ്റൊരു

മുനിസിപ്പാലിറ്റിയിലേക്കോ തന്നെ സ്ഥലം മാറ്റപ്പെടുന്ന സാഹചര്യത്തിൽ പുതുതായി വരുന്ന ഉദ്യോഗസ്ഥർക്ക് പുതിയ സമ്പ്രദായത്തിൽ പരിചയക്കുറവ് ഉണ്ടാകുന്നതും ഇത് ജോലിയെ പ്രതികൂലമായി ബാധിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും നിലവിലുള്ള ഒരു യു.ഡി.ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു.

3. ഇപ്രകാരം സൃഷ്ടിക്കുന്ന അക്കൗണ്ടന്റ് തസ്തികയിൽ യു.ഡി.ക്ലാർക്കിന് സ്ഥാനക്കയറ്റം നല്കി നിലവിൽ ഹെഡ്ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയ്ക്ക് സമാനമായ 14620–25280 എന്ന ശമ്പള സ്കെയിൽ നിർണ്ണയിച്ച് നല്കേണ്ടതാണ്.

4. ഈ ഇനത്തിലുണ്ടാകുന്ന സാമ്പത്തിക ബാധ്യത അതാത് മുൻസിപ്പാലിറ്റികൾ തന്നെ വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

നഗര കാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട് മെന്റ്, തിരുവനന്തപുരം
എല്ലാ മേഖലാ ജോയിന്റ് ഡയറക്ടർമാർ, അർബൻ അഫയേഴ്സ്
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽബിഎ) കേരള, തിരുവനന്തപുരം
(ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ട്)
എല്ലാ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും
ധനകാര്യ വകുപ്പ്
(11.05.2012 ലെ 37468/ഡവ.1/12/ഫിൻ നം.അനൗ.കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (27.06.2012 ലെ ഇനം നം. 1901 പ്രകാരം)
തദ്ദേശ സ്വയംഭരണ (ഇ.യു)വകുപ്പ്

പകർപ്പ് :-
നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ